**കേരള സർക്കാർ**

നം.ഫണ്ട്സ്.4/1/2019-ധന

ധനകാര്യ(ഫണ്ട്സ്) വകുപ്പ്
തിരുവനന്തപുരം
തീയതി. 23.05.2019

ഫോൺ- 0471-2518684,2518852

## <u>ക്വട്ടേഷൻ നോട്ടീസ്</u>

സെക്രട്ടറിയേറ്റ്(ഫണ്ട്സ്) വകുപ്പിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായി ലഭിച്ച സ്വർണ്ണഉരുപ്പടികൾ വിൽപന നടത്തുന്നതിന് മുദ്ര വച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 10.06.2019 (തിങ്കൾ) 3 മണി. 10.06.2019 വൈകുന്നേരം 3 മണിക്ക് മുൻപായി** ധനകാര്യ(ഫണ്ട്സ്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിൽ ക്വട്ടേഷനുകൾ നൽകേണ്ടതും ഈ ക്വട്ടേഷൻ അന്നേ ദിവസം 3.30 മണിക്ക് തുറക്കുന്നതും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്നവർക്ക് ഉറപ്പിക്കുന്നതുമാണ്. മാർക്കറ്റ് റേറ്റിന് അനുയോജ്യമായ വിലയല്ലെങ്കിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതല്ല. സ്വർണ്ണ ഉരുപ്പടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പ്യൂരിറ്റി | തൂക്കം | ക്വാട്ട് ചെയ്യുന്ന തുക ഗ്രാമിന് | ആകെ തുക |
|---|---|---|---|---|
| 1 | 916 | 308.300 gm | | |
| 2 | 22 Ct | 197.700 gm | | |
| 3 | 20 Ct | 4.300 gm | | |
| | | ആകെ **510.300 gm** | | |

ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത 14,000/- രൂപയുടെ ഡിഡി/ചെക്ക് /കാഷ് നിരതദ്രവ്യമായി നൽകേണ്ടതാണ്.ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്ന വ്യക്തി ക്വട്ടേഷൻ തുകയ്ക്ക് പുറമേ, ആയതിന്റെ 3% തുക GST യായി അധികം അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കിട്ടിയ വ്യക്തി 2 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ സ്വർണ്ണ ഉരുപ്പടികൾ കൈപ്പറ്റേണ്ടതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനും യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ നിർത്തിവയ്ക്കാനും ധനകാര്യ(ഫണ്ട്സ്) വകുപ്പ് ജോയിന്റ് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. മേൽ **സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിന് 03.06.2019 തീയതിയിൽ 11.00 മുതൽ 1.00 മണി വരെ ധനകാര്യ(ഫണ്ട്സ്) വകുപ്പിൽ അവസരമുണ്ടായിരിക്കുന്നതാണ്**. നിരതദ്രവ്യം അടച്ച് ക്വട്ടേഷൻ സമർപ്പിക്കുന്നവർക്കോ,അവരുടെ പ്രതിനിധികൾക്കോ മാത്രമേ ക്വട്ടേഷൻ സ്ഥലത്ത് പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ.

സ്വർണ്ണ ഉരുപ്പടികൾക്ക് ഒരുമിച്ച് ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്. (ഐറ്റം തിരിച്ച് നൽകുന്നതല്ല).ക്വട്ടേഷൻ കിട്ടിയ വ്യക്തി 2 പ്രവർത്തി

ദിവസങ്ങൾക്കുള്ളിൽ സ്വർണ്ണ ഉരുപ്പടികൾ മുഴുവൻ തുകയും അടച്ച് കൈപ്പറ്റേണ്ടതാണ്.അല്ലാത്ത പക്ഷം നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടി ഈ വ്യക്തിയെ/സ്ഥാപനങ്ങളെ തുടർന്നുള്ള സർക്കാർ ക്വട്ടേഷൻ/ ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്ക് ഏർപ്പെടുത്തുന്നതാണ്.

പകർപ്പ്
ഗവ.സെക്രട്ടറിയേറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേക്കും
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്
ചീഫ് സെക്യൂരിറ്റി ഓഫീസർ.ഗവ.,സെക്രട്ടറിയേറ്റ്
ഇ-ഓഫീസ് നോട്ടീസ് ബോർഡ്
കരുതൽ ശേഖരം

CHIEF MINISTER'S DISTRESS RELIEF FUND, SECRETARIAT
GOVT. OF KERALA

**എ.മധുസൂദനൻ നായർ**
ജോയിന്റ് സെക്രട്ടറി
ധനകാര്യ(ഫണ്ട്സ്) വകുപ്പ്